**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2943** **07.11.2019-ൽ മറുപടിയ്ക്ക്**

## റോഡ് യൂസർ പെർസപ്ഷൻ സർവ്വെ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 'റോഡ് യൂസർ പെർസപ്ഷൻ സർവ്വെ' നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) നടപ്പിലാക്കിയിട്ടില്ല . |
| (ബി) പ്രസ്തുത സർവ്വെയുടെ കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) ബാധകമല്ല. |
| (സി) കാൽനടയാത്രക്കാരും ഇരുചക്രവാഹന യാത്രക്കാരുമാണ് എളുപ്പത്തിൽ പരിക്കേൽക്കാവുന്ന റോഡ് ഉപഭോക്താക്കൾ എന്നതിനെ അടിസ്ഥാനമാക്കി ഈ വിഭാഗക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുന്ന രീതിയിൽ റോഡ് വികസനം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദാംശം നൽകുമോ? | (സി) റോഡ് സുരക്ഷാ പദ്ധതി/പദ്ധതിയേതരം, കേരള റോഡ് സുരക്ഷ അതോറിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖല നവീകരിക്കുന്ന പ്രവൃത്തികളും മറ്റു കാൽനട യാത്രക്കാർക്കുമുള്ള സുരക്ഷാ സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. ഇതിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി റോഡ് മുറിച്ചു കടക്കുന്നതിനുള്ള "സീബ്രാ" മാർക്കിംഗുകൾ, സൈൻ ബോർഡുകൾ വേഗതാ പരിധി സൈൻബോർഡുകൾ, വേഗത നിയന്ത്രണ സംവിധാനം എന്നിവയും സ്ഥല ലഭ്യതയനുസരിച്ച് നടപ്പാതകൾ, കൈവരികൾ എന്നിവ ഉൾക്കൊള്ളിച്ചും പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ